## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1677</u>    21/01/2014-<u>ൽ മറുപടിയ്ക്ക്</u>

## ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | **ശ്രീ . കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ ; | എ) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ ഗവൺമെന്റ് വകയിരുത്തിയ പദ്ധതി തുക താഴെ കൊടുക്കുന്നു.<br>2011-2012 - 5 കോടി രൂപ<br>2012-2013 - 10 കോടി രൂപ<br>2013-2014 - 10 കോടി രൂപ<br><br>ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ 2011-12 വാർഷിക കർമ്മ പദ്ധതി പ്രകാരം ജൈവ കൃഷി വ്യാപനത്തിനായി 60 ലക്ഷം രൂപയും, ജൈവ സർട്ടിഫിക്കേഷനായി 45 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. രണ്ടാം വർഷ ഗഡുവായി ജൈവകൃഷി വ്യാപനത്തിനും ജൈവ സർട്ടിഫിക്കേഷനും 45 ലക്ഷം രൂപ വീതവും മൂന്നാം വർഷം ഗഡുവായി ജൈവകൃഷി വ്യാപനത്തിന് 45 ലക്ഷം രൂപയും ജൈവ സർട്ടിഫിക്കേഷന് 60 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ മണ്ണിര കമ്പോസ്റ്റിന് 60 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br>2012-13 വാർഷിക കർമ്മ പദ്ധതിയിൽ ജൈവകൃഷി വ്യാപനത്തിനായി 100 ലക്ഷം രൂപയും, ജൈവ സർട്ടിഫിക്കേഷനായി 75 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഒപ്പം 2011-12-ലെ ജൈവകൃഷി വ്യാപനത്തിനും സർട്ടിഫിക്കേഷനും രണ്ടാം ഗഡുവായി 45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ 2013-14 സാമ്പത്തിക വർഷത്തിലെ വാർഷിക കർമ്മ പദ്ധതിയിൽ ജൈവകൃഷി വ്യാപനത്തിന് 60 ലക്ഷം രൂപയും സർട്ടിഫിക്കേഷനായി 45 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ രണ്ടാം ഗഡുവായി 45 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പം മണ്ണിര കമ്പോസ്റ്റ് നിർമ്മാണത്തിന് 2012-13 സാമ്പത്തിക വർഷത്തിൽ 105 ലക്ഷം രൂ യും 2013-14 സാമ്പത്തിക വർഷത്തിൽ 60 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷം 6.5 ലക്ഷം രൂപയാണ് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വിനിയോഗിച്ചത്. ജൈവപച്ചക്കറി കൃഷിരീതികൾ വ്യാപിപ്പിക്കുന്നതിനായി 26 പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലായി അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

ബി) പ്രസ്തുത തുകയിൽ എത്ര തുക ഇതിനകം അനുവദിച്ചുവെന്നും ഏതെല്ലാം പദ്ധതികൾക്കു വേണ്ടി ഉപയോഗയോഗ്യമാക്കിയിട്ടുണ്ടെന്നും പദ്ധതികളുടെ ജില്ലതിരിച്ചുള്ള വിവരം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

ബി) സംസ്ഥാന കൃഷി വകുപ്പ് 2011-2012 വർഷം ജൈവ കൃഷി വികസനത്തിന് 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ 450 ലക്ഷം രൂപ അനുവദിച്ചത് പുതുതായി ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും വിനിയോഗിക്കുകയുണ്ടായി. 2011-2012 കാലയളവിൽ ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായത്തോടു കൂടി 3500 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി ചെയ്യുകയുണ്ടായി. ഇതിനു പുറമെ 2010-2011 വർഷം ജൈവ കൃഷി ആരംഭിച്ച 900 ഹെക്ടർ സ്ഥലത്ത് രണ്ടാം വർഷവും ജൈവകൃഷി നടത്തുന്നവർക്ക് പ്രാരംഭകാലത്ത് ഉല്പാദന കുറവുമൂലം ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് രണ്ടാം വർഷവും ഹെക്ടറിന് 10,000/- രൂപ നിരക്കിൽ സഹായം

നൽകുകയുണ്ടായി. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷം ജൈവ കൃഷി പദ്ധതിയ്ക്കായി 1000 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ അനുവദിച്ച 50 ലക്ഷം രൂപ സേഫ്റ്റു ഈറ്റ് വെജിറ്റബിൾ പദ്ധതിയുടെ നടത്തിപ്പിനായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ചിട്ടുണ്ട്,

ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആകെ 5,19,35,000/- ( അഞ്ചു കോടി പത്തൊമ്പതു ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ) അനുവദിച്ചു.

2013-14 വർഷത്തിൽ ജൈവ ജില്ലയായ കാസർഗോഡ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 940 ലക്ഷം രൂപ അനുവദിച്ചു. സേഫ്റ്റു ഈറ്റ് വെജിറ്റബിൾ എന്ന പദ്ധതിയുടെ നടത്തിപ്പിനായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് 50 ലക്ഷം രൂപ അനുവദിച്ചു.

ഇതിനു പുറമെ കേരള ബ്രാന്റ് ജൈവ കൃഷി പദ്ധതി കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിൽ ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

2011-12,2012-13,2013-14 സാമ്പത്തിക വർഷങ്ങളിൽ ജൈവകൃഷി വ്യാപനം, ജൈവ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് എന്നീ ഘടകങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാശംങ്ങൾ ചുവടെ ചേർക്കുന്നു.

| ജൈവകൃഷി വ്യാപനം | | | | |
|---|---|---|---|---|
| | ഇടുക്കി | മലപ്പുറം | കോഴിക്കോട് | വയനാട് |
| | സാമ്പത്തിക നേട്ടം (ലക്ഷം രൂപയിൽ) | | | |
| 2011-12 | 13.6 | 17 | 46.9 | -- |
| 2012-13 | 13.9 | -- | -- | -- |
| 2013-14 | 7.75 | -- | -- | 24 |
| **ജൈവ സർട്ടിഫിക്കേഷൻ** | | | | |
| 2011-12 | 10.75 | -- | 8.85 | -- |
| 2012-13 | 11.75 | 12.5 | 7.5 | 16.11 |
| 2013-14 | 8.75 | -- | | 45.06 |

| മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് | | | |
|---|---|---|---|
| | 2011-12 | 2012-13 | 2013-14 |
| | സാമ്പത്തിക നേട്ടം- ലക്ഷം രൂപയിൽ | | |
| തിരുവനന്തപുരം | 1.45 | 11.15 | 0.6 |
| കൊല്ലം | 5.497 | 10.5 | 0.9 |
| പത്തനംതിട്ട | 3.47 | 3.886 | 1.046 |
| ആലപ്പുഴ | 11.025 | 12 | 2.55 |
| ഇടുക്കി | 11.704 | 8.494 | 0.43903 |
| കോട്ടയം | 5.735 | 9.00 | 0.83 |
| എറണാകുളം | 6.365 | 3.720 | 1.68785 |
| തൃശ്ശൂർ | 5.268 | 6.763 | 0.45 |
| പാലക്കാട് | 6.665 | 5.233 | -- |
| മലപ്പുറം | 4.227 | 1.433 | 0.44 |
| കോഴിക്കോട് | 4.177 | 2.097 | 0.2003 |
| വയനാട് | 0.0787 | | |
| കണ്ണൂർ | 6.362 | 5.169 | 1.04197 |
| കാസറഗോഡ് | 1.599 | 2.6796 | 0.375 |

സി) പുതിയതായി ഈ മേഖലയിൽ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ. എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

സി) 2014-15 - ൽ ഈ പദ്ധതിയ്ക്കായി 10 കോടി (പത്തു കോടി) രൂപയ്ക്കുള്ള പദ്ധതി നിർദ്ദേശം സംസ്ഥാന പ്ലാനിംഗ് ബോർഡിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

പുതിയതായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികളൊന്നും ആവിഷ്ക്കരിക്കുന്നില്ല. ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന ജൈവകൃഷി പദ്ധതികൾ തുടർന്നും നടപ്പിലാക്കുന്നതാണ്. 2013-14 കാസർഗോഡ് (500 ഹെക്ടർ), വയനാട് (500 ഹെക്ടർ), ഇടുക്കി (500 ഹെക്ടർ) എന്നീ ജില്ലകളിൽജൈവ കൃഷി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി ദേശീയ തലത്തിൽ താത്പര്യ പത്രിക (ഇ.ഒ.ഐ) ക്ഷണിക്കുകയും തിരഞ്ഞെടുത്ത ഏജൻസികളോട് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| ഡി) നിലവിലുള്ള പദ്ധതികളിലൂടെ ജൈവകൃഷി വ്യാപനത്തിന്റെ സ്ഥിതി ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിലയിരുത്തലിനു വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ഡി) ജൈവ കൃഷി വ്യാപനത്തിന്റെ സ്ഥിതി വിലയിരുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## 2011-2012 ജൈവകൃഷിയുടെ (സ്റ്റേറ്റ്) പുരോഗതി റിപ്പോർട്ട് രൂപ ലക്ഷത്തിൽ) രൂപ 500 ലക്ഷം 13-3-2012

ശീർഷകം -2401-00-105-85

| ക്രമ | ജില്ലകൾ | ജൈവ കൃഷി Rs.10,000/-ha | | | | പ്രോത്സാഹന പ്രവർത്തനങ്ങൾ 47,500/175 ഹെ. | | | ജൈവ കൃഷി Rs.10,000/-ha രണ്ടാം വർഷ പ്ലോട്ടുകൾ | | | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഭൗതിക ലക്ഷ്യം (ഹെ) | ഭൗതിക നേട്ടം (ഹെ) | സാമ്പത്തിക ലക്ഷ്യം രൂപ | സാമ്പത്തിക ചെലവ് രൂപ | ഭൗതിക ലക്ഷ്യം (എണ്ണം) | സാമ്പത്തിക ലക്ഷ്യം (രൂപ) | സാമ്പത്തിക ചെലവ് (രൂപ) | ഭൗതിക ലക്ഷ്യം (ഹെ.) | ഭൗതിക നേട്ടം | സാമ്പത്തിക ലക്ഷ്യം (രൂപ) | സാമ്പത്തിക നേട്ടം (രൂപ) | അനുവദിച്ച തുക | ചെലവായ തുക |
| 1 | തിരുവനന്തപുരം | 175 | 175 | 17.50 | 17.5 | | 0.475 | 0.475 | 45 | 45 | 4.5 | 4.5 | 22.475 | 22.4750 |
| 2 | കൊല്ലം | 175 | 175 | 17.50 | 17.5 | | 0.475 | 0.475 | 45 | 45 | 4.5 | 4.5 | 22.475 | 22.4750 |
| 3 | ആലപ്പുഴ | 175 | 175 | 17.50 | 17.50 | 5 | 0.475 | 0.475 | 45 | 45 | 4.5 | 4.5 | 22.475 | 22.4550 |
| 4 | പത്തനംതിട്ട | 175 | 175 | 17.50 | 17.50 | 13 | 0.475 | 0.475 | 45 | 45 | 4.5 | 4.5 | 22.475 | 22.4750 |
| 5 | ഇടുക്കി | 875 | 875 | 87.50 | 87.500 | | 2.375 | 2.375 | 225 | 225 | 22.5 | 22.5 | 112.375 | 112.375 |
| 6 | കോട്ടയം | 175 | 175 | 17.50 | 17.500 | | 0.475 | 0.475 | 45 | 45 | 4.5 | 4.5 | 22.475 | 22.4750 |
| 7 | എറണാകുളം | 175 | 175 | 17.50 | 17.5000 | 5 | 0.475 | 0.475 | 45 | 45 | 4.5 | 4.5 | 22.475 | 22.4750 |
| 8 | തൃശ്ശൂർ | 175 | 175 | 17.50 | 17.500 | | 0.475 | 0.475 | 45 | 45 | 4.5 | 4.5 | 22.475 | 22.4750 |
| 9 | പാലക്കാട് | 175 | 175 | 17.50 | 17.500 | | 0.475 | 0.475 | 45 | 45 | 4.5 | 4.5 | 22.475 | 22.4750 |
| 10 | മലപ്പുറം | 175 | 175 | 17.50 | 17.500 | | 0.475 | 0.475 | 45 | 45 | 4.5 | 4.5 | 22.475 | 22.4750 |
| 11 | കോഴിക്കോട് | 175 | 175.0 | 17.50 | 17.500 | | 0.475 | 0.475 | 45 | 45 | 4.5 | 4.5 | 22.475 | 22.4750 |
| 12 | വയനാട് | 525 | 525.0 | 52.50 | 52.500 | 8 | 1.425 | 1.425 | 135 | 135 | 13.5 | 13.5 | 67.425 | 67.4250 |
| 13 | കണ്ണൂർ | 175 | 175.0 | 17.50 | 17.500 | 2 | 0.475 | 0.475 | 45 | 45 | 4.5 | 4.5 | 22.475 | 22.4750 |
| 14 | കാസർഗോഡ് | 175 | 175.0 | 17.50 | 17.500 | 0 | 0.475 | 0.475 | 45 | 45 | 4.5 | 4.5 | 22.475 | 22.4750 |
| 15 | കൃഷി ഡയറക്ടറേറ്റ് | 0 | 0.0 | 0.00 | | | 0.500 | 0.5000 | 0.0000 | 0.0000 | | | 0.500 | 0.50 |
| | ആകെ | 3500 | 3500.00 | 350.00 | 350.00 | 33 | 10.00 | 9.9800 | 900 | 900.00 | 90.00 | 90.00 | 45.00 | 449.9800 |

സെക്ഷൻ ഓഫീസർ